## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.987 — 11.07.2016-ൽ മറുപടിക്ക്

### സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം

ചോദ്യം — ഉത്തരം

| | | | |
|---|---|---|---|
| | ശ്രീ.മുല്ലക്കര രത്നാകരൻ | | ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ; | (എ) | ഈ വർഷവും ജൂൺ പതിനഞ്ചാം തീയതി മുതൽ ജൂലൈ 31 വരെ 47 ദിവസം ട്രോളിംഗ് നിരോധനം നിലവിലുണ്ട്. |
| (ബി) | ട്രോളിംഗ് നിരോധിക്കുന്നതുമൂലം മത്സ്യസമ്പത്ത് വർദ്ധിക്കുന്നതായി പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ടോ; | (ബി) യും (സി) യും | കടൽ മത്സ്യ ഉല്പാദനം 1977-87-ലെ ശരാശരിയായ 3,38,138 ടണ്ണിൽ നിന്നും ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയ 1988-96 കാലഘട്ടത്തിൽ 5,27,318 ടൺ ആയി ഉയർന്നു. ആയത് 1997-2005 ആയപ്പോൾ ശരാശരി 5,75,818 ടൺ ആയി. എന്നാൽ 2007-2008 സാമ്പത്തിക വർഷം മുതൽ മത്സ്യ ഉത്പാദനത്തിൽ നേരിയ കുറവ് വരുന്നതായി പഠനങ്ങൾ വെളിപ്പെടുത്തുന്നു.<br>ട്രോൾ ബാൻ നടപ്പാക്കുന്നതിന്റെ ഫലമായി മത്സ്യ സമ്പത്തിലുണ്ടാകുന്ന ആഘാതം നിർണ്ണയിക്കുവാനും മത്സ്യ സമ്പത്ത് വിലയിരുത്തുവാനും കേരള സർക്കാർ നിയോഗിച്ച ഒരു വിദഗ്ദ്ധ സമിതി **2014-ൽ** സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഒരു പഠന റിപ്പോർട്ട് ശാസ്ത്രീയമായി തയ്യാറാക്കാൻ മുൻകൈ എടുക്കുമോ? | | |

സെക്ഷൻ ഓഫീസർ